കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# ബാലരാമപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

**e-mail :** *lfadtvm@yahoo.in , dotvm.ksad@kerala.gov.in*

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.**4/1898/2018**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

തീയതി:29.9.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് **(**സെക്രട്ടറി മുഖേന**),**

ബാലരാമപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്–സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ**,**

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്. 4) സ്പെയർ.

ബിഎൽ.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി**4/1898/ 2018**

തീയതി**: 29.9.2018**

<u>തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലെ 15.05.2017മുതൽ 08.08.2018 തീയതി വരെയുള്ള ഇടപാടുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **30** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **30** എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(**എ**)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാജൻ ലാൽ എസ്.ജെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.08.2018 മുതൽ 18.08.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ജയകുമാരി കെ.ആർ., ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനിൽ കുമാർ ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ആശ ജി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ബിന്ദുലത ബി.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി ജി., ഓഡിറ്റർ |

**(**ബി**)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആർ. എസ്. വസന്തകുമാരി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. കെ. ഗോപിനാഥൻ | 01.04.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. ശശികുമാർ | 01.04.17 മുതൽ 31.03.18 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സിന്ധു | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഡോറിബെൽ | 01.04.17 മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ആർ. എം. ബിജു | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ശ്രീജ എസ്. നായർ | 01.04.2017 മുതൽ 31.03.2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ മഹേഷ് കുമാർ | 01.04.2017 മുതൽ 30.11.2017 വരെ |
| | ശ്രീ. നൗഷാദ് എം.എം. | 01.12.2017 മുതൽ 28.02.2018 വരെ |
| | ശ്രീ. ബിനോയ് ഭുവൻ | 01.02.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദു ജെ.എൽ. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. ആശാ വിജയൻ | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി പി. മേർസി | 01.04.2017 മുതൽ 31.03.2018വരെ |
| അസി. സെക്രട്ടറി | ശ്രീമതി പി. വി. ബിന്ദു | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം **-1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക നില | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം **- 2** | |
| 13 | തൊഴിൽ നികുതി | 2-1 |
| 14 | ലേലതുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കേണ്ടതാണ് | 2-2 |
| 15 | ഡി.& ഒ. ലൈസൻസ് അപാകതകൾ | 2-3 |
| 16 | ഇ ടെണ്ടറുകളിൽ നിന്നുളള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 2-4 |
| | ഭാഗം **- 3** | |
| 17 | മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കൽ ലക്ഷ്യം കൈവരിക്കാനായില്ല | 3-1 |
| 18 | യാത്രാബത്ത മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല. | 3-2 |
| 19 | ദർഘാസ് പരസ്യം തിരുത്തൽ വരുത്തിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിരിക്കുന്നു. | 3-3 |
| 20 | നീക്കം ചെയ്ത ഉപകരണങ്ങൾ – തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 3-4 |
| 21 | നിർവഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക നൽകി | 3-5 |
| 22 | മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല. – 18,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-6 |
| 23 | പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്ന പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നില്ല. | 3-7 |
| 24 | കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് – നിർവഹണത്തിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല – 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. | 3-8 |
| 25 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് – (സംയുക്ത പ്രോജക്ട് ) ജില്ല, ബ്ലോക്ക് പഞ്ചായത്തുകളുടെ വിവിതം വിനിയോഗിക്കാതെ നടപ്പിലാക്കി | 3-9 |

| | | |
|---|---|---|
| 26 | തുടർ സാക്ഷരത തുക നൽകൽ – രേഖകൾ ഹാജരാക്കിയില്ല. | 3-10 |
| 27 | 2017-18 പദ്ധതി നിർവഹണം ഗുണഭോക്തൃ തെരെഞ്ഞെടുപ്പും ലിസ്റ്റ് തയ്യാറാക്കലും – നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. | 3-11 |
| 28 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല – കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല. | 3-12 |
| | ഭാഗം **- 4** | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4 -9 |
| 38 | അനുബന്ധം 1<br>ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |


# ഭാഗം **1**

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)/ചെലവ്. | | യഥാർത്ഥ തുക | കുറവ് | കുറവ് (%) |
|---|---|---|---|---|---|---|
| 2017-18 | 25.03.2017 | വരവ് | 257892186 | 112815862.61 | 145076323.4 | 56.25 |

| | | | | | |
|---|---|---|---|---|---|
| | ചെലവ് | 243237000 | 102161224 | 141075776 | 57.99 |
| | മിച്ചം | 14655186 | 10654638.61 | 4000547.39 | 27.29 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്ക് ഓരോ വർഷവും ജനുവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2018 | 06.06.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 27.06.2018, 28.06.2018 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.4/1565 /2018 തീയതി 5.9.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14041445.61 |
| വരവ് | 98774417 |
| ആകെ | 112815862.61 |
| ചെലവ് | 102161224 |
| നീക്കിയിരിപ്പ് | 10654638.61 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 19205603 | 19205603 | 19205603 | 0 | 100 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7809493 | 7809493 | 7809493 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | |
| സംര. ഗ്രാന്റ് (റോഡ്) | 0 | 11178356 | 11178356 | 11178356 | | 100 |
| സംര. ഗ്രാന്റ് (നോൺറോഡ്) | 0 | 4939017 | 4939017 | 4939017 | 0 | 100 |
| ട്രഷറി റ്റി.എസ്.ബി. | 3768116 | 19453577 | 23221693 | 22553481 | 668212 | 97 |
| SBT (pre. relief fund) | 8305 | 311 | 8616 | 2 | 8614 | 0 |
| സി.എഫ്.സി. | 0 | 11419084 | 11419084 | 11419084 | 0 | 100 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 3729775 | 3729775 | 3729775 | 0 | 100 |
| ബി ഫണ്ട് | 0 | 476040 | 476040 | 476040 | 0 | 100 |
| SBI (ശുചിത്വ മിഷൻ ഫണ്ട്) | 241065 | 23836 | 264901 | 18558 | 246343 | 7 |
| SBT (ലിറ്ററസി മിഷൻ ഫണ്ട്) | 12685 | 473 | 13158 | 1 | 13157 | 0 |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 0 | 44399 | 44399 | 0 | 44399 | 0 |
| കോ. ഓപ്പ. ബാങ്ക് തനത് ഫണ്ട് | 0.61 | 0 | 0.61 | 0 | 0.61 | 0 |
| ഡി. കോ. ഓപ്പ. ബാങ്ക് | 9991462 | 17254902 | 27246364 | 17666152 | 9580212 | 65 |
| ട്രഷറി ഓൺ ഫണ്ട് VPFA | 3027 | 0 | 3027 | 0 | 3027 | 0 |
| SBT MNREGA | 16785 | 1417196 | 1433981 | 1411542 | 22439 | 98 |
| ട്രഷറി സ്പെ. റ്റി.എസ്.ബി. ജോയിന്റ് | 0 | 1822355 | 1822355 | 1754120 | 68235 | 96 |

| | | | | | | |
|---|---|---|---|---|---|---|
| വെഞ്ചർ | | | | | | |
| ക്യാഷ് | 0 | 0 | 0 | 0 | 0 | 0 |
| ആകെ | 14041445.61 | 98774417 | 112815862.61 | 102161224 | 10654638.61 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 3090225 | 7 | 1265647 | 0 | 1 | 88 |
| വെറ്റിനറി സർജൻ | 11 | 4146424 | 11 | 1335502 | 4 | 0 | 100 |
| എം.ഒ., പി.എച്ച്.സി | 6 | 1631000 | 6 | 1631000 | 0 | 0 | 100 |
| എം.ഒ., ഹോമിയോ | 2 | 250000 | 2 | 250000 | 0 | 0 | 100 |
| എം.ഒ. ആയുർവേദം | 2 | 1400000 | 2 | 1400000 | 0 | 0 | 100 |
| വി.ഇ.ഒ. | 9 | 8370000 | 4 | 6657500 | 5 | 0 | 44 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 6566621 | 8 | 4934371 | 1 | 2 | 73 |
| സെക്രട്ടറി | 26 | 11822880 | 16 | 9427572 | 5 | 5 | 62 |
| ഹെഡ്മിസ്ട്രസ്സ് | 14 | 2280000 | 13 | 1912271 | 0 | 1 | 93 |
| അസി. എഞ്ചിനീയർ | 125 | 50384089 | 96 | 33040145 | 5 | 24 | 77 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2440000 | 2 | 1641780 | 1 | 0 | 67 |
| അസി. സെക്രട്ടറി | 9 | 6394815 | 8 | 2784212 | 0 | 1 | 89 |
| | **226** | **98776054** | **171** | **66280000** | **21** | **34** | **76** |

## 1-7 തൊഴിലുറപ്പ് പദ്ധതി

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ടായിട്ടുണ്ട്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16785 | 1417196 | 1433981 | 1411542 | 22439 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17012607 | 17012607 | 17012607 | 0 |
| ആകെ | 16785 | 18429803 | 18446588 | 18424149 | 22439 |

## 1-8 ക്ഷേമപദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 356040 | 658 |
| കർഷക തൊഴിലാളി പെൻഷൻ | 3643900 | 358 |
| വിധവാ പെൻഷൻ | 17643400 | 218 |
| വാർദ്ധക്യ പെൻഷൻ | 37546600 | 3030 |
| വികലാംഗ പെൻഷൻ | 5261800 | 470 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 678500 | 58 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2018ന് രാവിലെ 11.00 മണിക്ക് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,635/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

വസ്തു നികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററുകളും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മുൻകൂറുകൾ യഥാസമയം ക്രമീകരിച്ച് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കൃത്യതയോടെ പരിപാലിക്കേണ്ടതാണ്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

പഞ്ചായത്ത് വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഇന്ധന ഉപയോഗം സംബന്ധിച്ച പ്രതിമാസ സംക്ഷിപ്ത വിവരം എഴുതി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാജ്ജന സംവിധാനങ്ങൾ ഫലപ്രദമല്ല. ഭരണ ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം മെച്ചപ്പെടുത്തി മാലിന്യ നിർമ്മാർജ്ജനത്തിന് ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് രജിസ്ട്രേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, സ്ഥാപനത്തിന്റെ പ്രവർത്തനം നിയമവിധേയമാക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.04.2018 | 03/2018 | വിവരം ലഭ്യമല്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2016 | 2015-16 | വിവരം ലഭ്യമല്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി
ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ – ഇല്ല.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**(എ)** *തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്*

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ.

| ക്രമ നം. | സ്ഥാപനത്തിന്റെ ജീവനക്കാരന്റെ പേര് (അർദ്ധ വർഷം | അർദ്ധ വർഷം | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | എൻ. ബാമോസസ് ഗവ. എച്ച്.എസ്.എസ്. ബാലരാമപുരം സ്കൂൾ സെക്ഷൻ | 1-ാം അർദ്ധ വർഷം | 101189 | 1000 | 750 | 250 |
| 2 | ലക്ഷ്മി. സുഗതൻ. എൻ.എസ്. മണപ്പുറം ഫിനാൻസ് | ടി | 48780 | 450 | 300 | 150 |
| 3 | ആന്റണി. സി.പി. അഭിഷേകം ജ്വവലറി | ടി | 60000 | 600 | 450 | 150 |
| 4 | അക്ഷയ്. വി.എസ്. , കാനറാ ബാങ്ക്, ബാലരാമപുരം | 2-ാം അർദ്ധ വർഷം | 138684 | 1250 | 1000 | 250 |
| 5 | സുമൻ. വി.ജെ., ഡോറ മൈക്രോ ഫിനാൻസ് | 1 & 2 അർദ്ധ വർഷം | 75672 | 1500 (750+750) | 1200 (6000+600) | 300 (150+150) |
| | ആകെ | | | | | 1100 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13 ന് ലഭ്യമായ മറുപടിയിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്വ വന്നിട്ടുള്ളത് കത്ത് നൽകി തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്വ വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**(ബി)** *തൊഴിൽ നികുതി ഒഴിവാക്കൽ – അർഹതാ മാനദണ്ഡങ്ങൾ പരിശോധിക്കപ്പെടുന്നില്ല.*

ജി.ഒ.(ആർ.ടി.)1366/90 ത.സ്വ.ഭ.വ. 27.3.1990 പ്രകാരം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കുന്ന വികലാംഗരെ തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്. എന്നാൽ വികലാംഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ഉദാ.

1) ശ്രീജിത്ത് , ജി.എസ്., HLL Life care limited, ബാലരാമപുരം
2) സഹീദ് ഖാൻ. കെ, വിജയാ ബാങ്ക്, ബാലരാമപുരം.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13 ന് ലഭ്യമായ മറുപടിയിൽ തുടർവർഷങ്ങളിൽ സ്റ്റേറ്റ്മെന്റിനൊപ്പം വികലാംഗ സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**(സി)** *സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

1994ലെ കേരള പഞ്ചായത്ത് ആക്ട് വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്ത് മേഖലയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത്, അധികാര

പരിധിയിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | 1-ാം അർദ്ധ വർഷം | 2-ാം അർദ്ധ വർഷം |
|---|---|---|
| ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ | --- | 1250 |
| മുത്തൂറ്റ് കോർപ്പ് ലിമിറ്റഡ് ബാലരാമപുരം | 1250 | 1250 |
| ആകെ | | 3750 |

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

**(ഡി)** *തൊഴിൽ നികുതി രജിസ്റ്ററുകൾ സമഗ്രമല്ല.*

നിരവധി സ്വകാര്യ സ്കൂളുകൾ, വ്യാപാരസ്ഥാപനങ്ങൾ ഉള്ള പ്രദേശമായിരുന്നിട്ടും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിഷ്കരിച്ചിട്ടില്ല. പിരിച്ചെടുക്കാതെ ബാക്കിയായ തുക രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും സൂക്ഷിക്കുന്നില്ല. ആയതിനാൽ കുടിശ്ശികയായ നികുതി പിരിവ് ശ്രദ്ധിക്കാതെ കഴിയാതെ 3 വർഷം കഴിയുമ്പോൾ കാലാഹരണപ്പെടാൻ സാധ്യതയുണ്ട്. ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും യഥാവിധി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ലേലതുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ 50,000/- രൂപയ്ക്ക് ലേലം കൊണ്ട ശ്രീ. അബ്ദുൾ വാഹീദ്, ലേല തുക നാളിതുവരെ ഒടുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് നൽകിയ മറുപടിയിൽ തുക ഒടുക്കു വരുത്തുന്നതിന് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചു.

ടിയാൻ തുക ഒടുക്കു വരുത്താത്ത പക്ഷം ഗ്രാമപഞ്ചായത്തും ലേലം കൊണ്ട വ്യക്തിയും തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അപാകതകൾ

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്കു വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല. ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമല്ല. ആയതിനാൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ തിരിച്ചറിയാനോ തുടർനടപടി സ്വീകരിക്കുവാനോ കഴിയുന്നില്ല. പഞ്ചായത്ത് പ്രദേശത്ത് നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

ഉദാ.

1) സോണ ടെക്സ്റ്റയിൽസ്
2) പൊന്നു ചുരിദാർ സെന്റർ
3) ഹായ് ഫാഷൻസ് മെൻസ് & കിഡ്സ് വെയർ
4) രാജകുമാരി ടെക്സ്റ്റയിൽസ്
5) Yoox Mens Zone
6) ഡെയ്ലി ഫ്രഷ് മെൻസ് അപ്പാരറ്റ്സ്
7) ശ്രീഭാമ ഹാന്റ്ലൂംസ്
8) മണവാട്ടി ടെക്സ് & ഹാന്റ് ലൂം മാർക്കറ്റ്
9) എസ്.എസ്. ടെക്സ്റ്റയിൽസ് & ഹാൻറ്ലൂംസ്
10) കസവ് ഹാന്റ്ലൂംസ്

11) കെ. പത്മനാഭ ഹാൻറ്റ്ലൂംസ്
12) M. R. സിൽക്സ്
13) കേസിയാർ എന്റർപ്രൈസസ്
14) രാജലക്ഷ്മി മെറ്റൽസ്
15) പ്രശാന്ത് മെറ്റൽസ്
16) ശിവശക്തി മെറ്റൽസ് & ഫർണിച്ചർ
17) രാജ സൈക്കിൾസ്
18) ബിസ്മി ഫർണീച്ചർ ലാന്റ്
19) Sinan Agencies
20) ഇന്ത്യൻ ഡൈസ് & കെമിക്കൽസ്
21) B. S. ഫ്രൂട്ട്സ് & വെജിറ്റബിൾസ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് ലഭ്യമായ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് അയയ്ക്കുകയും ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പഞ്ചായത്ത് പ്രദേശത്ത് പ്രവരഥ്തിക്കുന്ന ഡി & ഒ ലൈസൻസ് നൽകാവുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## **2-4** ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ ഗ്രാമപഞ്ചായത്തിനു 79,450/-രൂപ ലഭിക്കുവാനുള്ളതായി ഓഡിറ്റ് അന്വേഷണം നം.1/17-18 തീയതി 09.08.2018നുള്ള മറുപടിയായി അറിയിക്കുകയുണ്ടായി.

നാളിതുവരെ ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്..

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** മാർക്കറ്റിലെ ബയോഗ്യാസ്പ്ലാന്റ്പ്രവർത്തനക്ഷമമാക്കൽ ലക്ഷ്യം കൈവരിക്കാനായില്ല

പ്രോജക്ട് നം.s0185/18

എസ്റ്റിമേറ്റ് തുക. 400000/-

ചെലവ്തുക. 196500/-

ഫണ്ടിനം . ധനകാര്യകമ്മിഷൻ അവാർഡ്

ബിൽ നം. 17020252014000406979

തിയതി . 24.08.2017

ബാലരാമപുരം മാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നു. പ്ലാന്റിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും അറ്റകുറ്റപണികൾ

നടത്തുന്നതിനുമായി ടെൻഡർ നടപടിയിലൂടെ കുറഞ്ഞതുക ക്വാട്ട് ചെയ്ത (393000/-) ബയോടെക്ക്, എം.പി.അപ്പൻ റോഡ്, വഴുതക്കാട് എന്ന സ്ഥാപനവുമായി 23.08.2017-ൽ കരാറിലേർപ്പെടുകയുണ്ടായി. പ്രസ്തുത കരാർ പ്രകാരം എസ്റ്റിമേറ്റ് അനുസരിച്ചുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ബിൽ നൽകുന്ന മുറയ്ക്ക് പ്രോജക്ടിന്റെ 50% തുകയും, കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് ബാക്കി 50% തുകയും ഒന്നാം കക്ഷിയായ ഗ്രാമപഞ്ചായത്ത് നൽകുമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. അതുപ്രകാരം ഒന്നാംഘട്ട പ്രവൃത്തികൾക്കായി പ്രോജക്ട് 50% തുകയായ 196500/- രൂപ ബയോടെക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.ഈ വിഷയത്തിൽ 5/2018 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ; 'പ്ലാന്റിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ ആരംഭിക്കുകയും പ്ലാന്റിൽ നിന്നുള്ള മാലിന്യം മാർക്കറ്റിൽ കുഴിയെടുത്ത് മൂടുന്നതിനുള്ള ബയോടെക്കിന്റെ നീക്കം വ്യാപാരികളുടെ എതിർപ്പ് കാരണം തടസ്സപ്പെടുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് സ്ഥലം കണ്ടെത്തി 90% മാലിന്യം നീക്കം ചെയ്തു. ബാക്കി മാലിന്യം ബയോടെക് ജെ.സി.ബി ഉപയോഗിച്ച് നീക്കം ചെയ്തപ്പോൾ ഉണ്ടായ അപാകത കാരണം മാർക്കറ്റിൽ രൂക്ഷമായ ദുർഗന്ധം ഉണ്ടാകുകയും തുടർ പ്രവൃത്തികൾ വ്യാപാരികളുടെയും രാഷ്ട്രീയപാർട്ടികളുടെയും എതിർപ്പ് കാരണം തടസ്സപ്പെട്ടു.. ആയതിനാൽ പഞ്ചായത്ത് വിവിധ രാഷ്ട്രീയപാർട്ടികൾ, വ്യാപാരസംഘടനകൾ,ജനപ്രതിനിധികൾ എന്നിവരെ സംഘടിപ്പിച്ച് സർവ്വകക്ഷിയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കരാർ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് ബയോടെക്കിനോട് ആവശ്യപ്പെട്ടിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. കൂടാതെ ഈ വിഷയം ബഹു.തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി, സംസ്ഥാനശുചിത്വമിഷൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് കത്ത് നൽകിയതായും ആയതിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് കരാർ ലംഘിച്ച ബയോടെക്കിനെതിരെ റവന്യൂ റിക്കവറി നടപടി സ്വികരിക്കുന്നതാണെന്ന്' മറുപടി നൽകി. ചുരുക്കത്തിൽ മാർക്കറ്റിലെ മാലിന്യ സംസ്കരണം എന്ന ഉദ്ദേശത്തോടെ ആരംഭിച്ച പദ്ധതി ലക്ഷ്യം നേടാതെ ഉപേക്ഷിച്ച നിലയിലാണ്. ഈ വിഷയത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെടേണ്ടതും പദ്ധതി ബയോടെക്കിനെ കൊണ്ട് പൂർത്തീകരിക്കുകയോ അല്ലാത്തപക്ഷം കരാർ പ്രകാരം നല്കിയ 1,96,500/-രൂപ തിരികെ ഈടാക്കുന്നതിനോ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 3-2 ടൂർ ട്രാവലിംഗ് അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷം യാത്രാബത്തയ്ക്കായുള്ള മുൻകൂർ തുക നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| അഡ്വാൻസ് കൈപ്പറ്റിയ ആൾ | തുക | തീയതി |
|---|---|---|
| പ്രസിഡന്റ് | 1000 | 15.9.2017 |
| ശിവകുമാർ (ജെ.എസ്.) | 1000 | 15.9.2017 |
| ഹരിഹരൻ | 1000 | 15.9.2017 |
| ശോഭൻ | 1000 | 15.9.2017 |
| മധു (ജെ. എസ്.) | 2500 | 6.10.2017 |
| പ്രസിഡന്റ് | 25000 | 22.12.2017 |
| ആകെ | **31500/-** | |

ടി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19 ന് ലഭ്യമായ മറുപടിയിൽ ജനപ്രതിനിധികളുടെ 19 ന് ലഭ്യമായ മറുപടിയിൽ ജനപ്രതിനിധികളുടെ 2017-18 സാമ്പത്തിക വർഷത്തെ യാത്രാപ്പടി ലഭിക്കുന്നതിനുള്ള ബിൽ ഇപ്പോൾ ലഭ്യമായിട്ടുണ്ടെന്നും അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുള്ള തുക ബില്ലിൽ നിന്നും കുറവു ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

യാത്രാബത്ത മുൻകൂർ തുക 3 മാസത്തിനുള്ളിൽ ക്രമീകരിയ്ക്കാത്ത സ്ഥിതിയ്ക്ക് 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. (Note 1 under Art 53(e) KFC / Note II under Art 53(e) KFC).

## 3-3 ദർഘാസ് പരസ്യം തിരുത്തൽ വരുത്തിയതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക അനുവദിച്ചിരിക്കുന്നു –

എ) *ഒരു പരസ്യം നൽകിയതിന് രണ്ടു പ്രാവശ്യം തുക നൽകി*

2017-2018 വർഷത്തെ വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് പത്രപരസ്യം നൽകിയതിൽ ദർഘാസ് പരസ്യം തിരുത്തിന് താഴെ കൊടുക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പത്രത്തിന്റെ പേര് | നൽകിയ തുക | ഇൻവോയിസ് നം | വൗച്ചർ നം | കുറിപ്പ് |
|---|---|---|---|---|
| ദേശാഭിമാനി | 2772 | TVM15806/14.10.17 | 1196/3/18 | കാരണം വ്യക്തമല്ല |
| ദേശാഭിമാനി | 2772 | TVM32941/21.01.18 | 1197/3/18 | തീയതിയിൽ മാറ്റം വരുത്തി 19.08.17 എന്ന് തെറ്റായി ചേർത്തിരുന്നത് 22.01.18 എന്ന് തിരുത്തി |
| ആകെ | 5544 | | | |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/ 18.8.2017) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മതിയായ കാരണമില്ലാതെ പത്രപരസ്യങ്ങളിൽ തിരുത്ത് വരുത്തുന്നത് അഭിലഷണീയമല്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) *അധികനിരക്കിൽ തുക നൽകി*

ജി.ഒ(പി) നം 17/15/14 പി.ആർ.ഡി തിയതി 08.12.15 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരസ്യം പ്രസിദ്ധപ്പെടുത്തുന്നതിന് തിരുവനന്തപുരം എഡിഷനിൽ കേരളകൗമുദി ദിനപത്രത്തിന് അനുവദിക്കാവുന്ന തുക124 രൂപ (ചതുരശ്ര സെന്റീമീറ്ററിന്) ആണ്. എന്നാൽ 281/- രൂപ (ചതുരശ്ര സെന്റീമീറ്ററിന്) നിരക്കിലാണ് തുക നൽകിയിരിക്കുന്നത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പത്രത്തിന്റെ പേര് | പരസ്യം നല്കിയതിന്റെ വിശദാംശം | | | | | ഇൻവോയിസ് നമ്പർ |
|---|---|---|---|---|---|---|
| | നൽകേണ്ട നിരക്ക് | തുക | നൽകിയ നിരക്ക് | തുക | അധികം നൽകിയത് (രൂപ) | |
| കേരളകൗമുദി | 124 | 4166 | 281 | 9442 | 5276 | BLTVM00308240/ 14.3.18 |
| കേരളകൗമുദി | 124 | 4166 | 281 | 9442 | 5276 | BLTVM003092003/ 21.3.18 |
| കേരളകൗമുദി | 124 | 5208 | 281 | 11802 | 6594 | BLTVM00308067/ 02.3.18 |
| ആകെ | | | | | 17146 | |

അധികനിരക്കായ 281 രൂപ അനുവദിച്ചതുകാരണംപഞ്ചായത്തിനുണ്ടായ 17146/- രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്.

കൂടാതെ വർത്തമാനപത്രങ്ങളിൽ പരസ്യം പ്രസിദ്ധീകരിക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദനീയമായ 15% കിഴിവ് പഞ്ചായത്തിന് ക്ലെയിം ചെയ്യാത്തതിനാൽ ഈയിനത്തിലും അധികചെലവുണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള വീഴ്ചകൾ ആർവത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 നീക്കം ചെയ്ത ഉപകരണങ്ങൾ - തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ കമ്മിറ്റി ഹാൾ നവീകരിച്ചപ്പോൾ ചുവടെ ചേർക്കുന്ന സാധനങ്ങൾ ചെയ്തതായും, ആയതിന്മേൽ തുടർ നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് 11.08.2017 തീയതിയിൽ രേഖാമൂലം സാധനങ്ങൾ കൈമാറിയിട്ടുണ്ട്.

| ക്രമ നം | സാധനങ്ങൾ | എണ്ണം / അളവ് |
|---|---|---|
| 1 | ഫാനുകൾ | 8 |
| 2 | റോളിംഗ് ഷട്ടറുകൾ | 3 |
| 3 | ട്യൂബ് ലൈറ്റ് സെറ്റുകൾ | 14 |
| 4 | അലുമിനിയം പാർട്ടീഷൻ വാളുകൾ | 2 ( 4.00X2.10, 2.75X2.10) |

കൈമാറിയ സാധനങ്ങളെ സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/17-18 തീയതി) കമ്മിറ്റി ഹാളിലുണ്ടായിരുന്ന ടേബിളും, കസേരകളും ഉപയോഗപ്രദമാക്കിയതായി മറുപടി ലഭ്യമാക്കി. എന്നാൽ മേൽ പട്ടികയിലെ ഉപകരണങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കിയില്ല.

G.O.(P)No.13/2012/PWD തീയതി 01.02.2012 പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2919.3 പ്രകാരം ഇളക്കി മാറ്റിയ സാധനങ്ങൾ നിശ്ചിത മാതൃകയിൽ അക്കൗണ്ട് ചെയ്യേണ്ടതും, പുനരുപയോഗിക്കാവുന്ന സാധനങ്ങൾ ഉപയോഗപ്രദമാക്കേണ്ടതാണെന്നും, മറ്റുള്ളവ ഭൗതിക പരിശോധന നടത്തി പൊതുലേലം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ കൈമാറിയിട്ടുള്ള സാധനങ്ങളിന്മേൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടാതെ തുക നൽകി

പ്രോജക്റ്റ് പേര് - തോപ്പ് തെരുവ് ബോർവെൽ

നം . - SO236/18

അടങ്കൽ തുക - 305124/-

ഫണ്ടിനം - ധനകാര്യക്കമ്മീഷൻ അവാർഡ്

ചെലവ് - 305124/-

ബിൽ നം/തീയതി - 17020252014000912095/27.01.18

പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണ ഏജൻസിയായ ഭൂജലവകുപ്പുമായി നിയമാനുസൃത കരാറിൽ ഏർപ്പെട്ടില്ല. പദ്ധതിയുടെ ആകെ ചെലവായി ഭൂജലവകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 4,98,160/- (കുഴൽകിണർ നിർമ്മാണം – 63,160/-, മിനി വാട്ടർ സപ്ലൈ സ്കീം – 4,35,000/-) രൂപ ആണ്. ഭൂജലവകുപ്പുമായി കരാറിൽ ഏർപ്പെടാതെ 3,05,124/-രൂപ കൈമാറിയിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 05/2018-ന്; പദ്ധതിക്കായി ഭൂജലവകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 1,93,017/- കൂടി നൽകേണ്ടതുണ്ട്. ടി തുക 2018-19-ലെ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതും കരാറിൽ ഏർപ്പെടുമെന്നാണ് മറുപടി നൽകിയത്. പദ്ധതിയിലെ വിനിയോഗസാക്ഷ്യപത്രം അനുസരിച്ച് ആകെ 68,010/-രൂപ (കുഴൽകിണർ നിർമ്മാണം) ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാറിലേർപ്പെട്ട് വ്യവസ്ഥകൾക്ക് വിധേയമായി തുക നല്കേണ്ടതായിരുന്നു. ഇത്തരത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ മറ്റ് ഏജൻസികളെ ഏൽപ്പിക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-6 മരുന്നുകൾ യഥാസമയം ലഭ്യമായിട്ടില്ല - 1850000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18 വർഷം വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ മെഡിക്കൽ സർവീസ് കോർപറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങൾക്ക് താഴെ കൊടുക്കും പ്രകാരം തുക നൽകിയിരിക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ/ പ്രോ.നം | നൽകിയ തുക | തുക നൽകിയിക്കുന്ന സ്ഥാപനം | ബിൽ നം/ തിയതി |
|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 184/18 | 150000 | കേരളമെഡിക്കൽ സർവീസ് കോഓപ്പറേഷൻ | 1/13.10.17 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) 89/18 | 500000 | കേരളമെഡിക്കൽ സർവീസ് കോഓപ്പറേഷൻ | 2/13.10.17 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) 73/18 | 12ലക്ഷം | ഔഷധി | 2/25.08.17 |

മരുന്നുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുബന്ധരേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

മരുന്നുകൾ ലഭ്യമാകുന്നതുവരെ 18,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-7** പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നില്ല.

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള പി.എം.സി മൂന്ന് മാസത്തിനുള്ളിൽ ഒരിക്കലെങ്കിലും യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും യഥാസമയം തീരുമാനമെടുക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2017-2018 വർഷം ആകെ രണ്ടു പ്രാവശ്യം മാത്രമേ യോഗം ചേർന്നിട്ടുള്ളു (05.05.2017, 30.08.2017 തീയതികളിൽ). പാലിയേറ്റീവ് പരിചരണ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** കുടുംബശ്രീസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- നിർവഹണത്തിൽ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടില്ല. - 2 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം – 79/18 (കുടുംബശ്രീ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് )
നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 30 ലക്ഷം ( 2 ലക്ഷം – വികസനഫണ്ട്, ജനറൽ 28 ലക്ഷം - മറ്റുള്ളവ)

ചെലവ് – 2 ലക്ഷം ( ബിൽ നം 6/20.01.2018)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ടിൽ 20 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000/- രൂപ വീതം ആകെ 2 ലക്ഷം രൂപ ബാലരാമപുരം കുടുംബശ്രീ സി.ഡി.എസിന് (രജിസ്റ്റർ നം.റ്റി.3165) നൽകിയിട്ടുണ്ട്. മേൽ തുക 20 കുടുംബശ്രീ യൂണിറ്റുകൾ കൈപ്പറ്റിയിരിക്കുന്നു.

*പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു*

- ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല.
- തുകയുടെ തിരിച്ചടവ് എത്ര തവണ/തുകയാണെന്ന് കണക്കാക്കി നിർവഹണ ഉദ്യോഗസ്ഥൻ ഗ്രൂപ്പുകളുമായി കരാർ വച്ചിട്ടില്ല.
- റിവോൾവിംഗ് ഫണ്ട് തവണതുക തിരിച്ചടയ്ക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ റിവോൾവിംഗ് ഫണ്ട് റീപ്പേയ്മെന്റ് അക്കൌണ്ട് ആരംഭിച്ചിട്ടില്ല.
- റിവോൾവിംഗ് ഫണ്ടിന്റെ ആനുകൂല്യം നൽകിയ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി തവണ ഇടപാടുകൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- 2017-2018 വർഷം റിവോൾവിംഗ് ഫണ്ട് അക്കൗണ്ടിൽ തിരിച്ചടവായി ലഭിച്ച തുകയുടെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

ജി.ഒ (എം.എസ്) 80/2017 ത.സ്വ.ഭ.വ 03.04.17 ലെ റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും (ഖണ്ഡിക 6.2) ലെ മാർഗനിർദ്ദേശങ്ങൾ പാലിക്കാതെയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ 2 ലക്ഷം രൂപ കുടുംബശ്രീയ്ക്ക് കൈമാറിയിരിക്കുന്നത്.

അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2 ലക്ഷം രൂപ 24 തവണകളായാണ് തിരിച്ചുപിടിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നല്കി.

നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിനായുള്ള 2 ലക്ഷം രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്- (സംയുക്ത പ്രോജക്ട്)- ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം വിനിയോഗിക്കാതെ നടപ്പിലാക്കി

പ്രോജക്ടിന്റെ പേര് - ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്
പ്രോജക്ട് നം. - 210/18

അടങ്കൽ - 924800/- (വികസനഫണ്ട്-ജനറൽ) 258375/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

258375/- ( ജില്ലാപഞ്ചായത്ത് വിഹിതം)

ചെലവ് - 924800/- ( വിവിധ ബില്ലുകൾ)

നിർവഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായുള്ള മേൽ പ്രോജക്ട് സംയുക്ത പ്രോജക്ടായാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടിലെ തുക മാത്രം വിനിയോഗിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 258375/- രൂപ (അക്കൗണ്ട് നം.റ്റിഎസ്.ബി.799011400002799 തിയതി 29.08.17 ) നേമം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമായ 258375/-രൂപ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല. പ്രസ്തുത തുകയിൽ 102875/- രൂപ 2018-2019 ൽ മാത്രമാണ് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും പഞ്ചായത്തിന് ലഭിച്ചത്. (അക്കൗണ്ട് നം.ഡി.സി.ബി. 02061120123001 തീയതി 22.05.2018) .

ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 361250 (102875+258375) രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുക അതാത് സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 തുടർ സാക്ഷരത തുക നൽകൽ– രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - 137/18 (തുടർ സാക്ഷരത തുക നൽകൽ)

അടങ്കൽ - 45000 (വികസന ഫണ്ട് – ജനറൽ)

ചെലവ് - 17500 (ബിൽ നം 4/03.10.17)

നിർവഹണ ഉദ്യോഗസ്ഥ - ഹെഡ്മിസ്ട്രസ് , ഗവ. കെ.വി.എൽ.പി.എസ് തലയൽ

പത്താം തരം തുല്യതാകോഴ്സിനായി 10 പഠിതാക്കളുടെ ഫീസിനത്തിൽ 17500/- രൂപ ബിൽ നം 4 പ്രകാരം പിൻവലിച്ച് സംസ്ഥാന സാക്ഷരത മിഷന് നൽകിയിട്ടുണ്ട്.

പ്രോജക്റ്റിന്റെ നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു

1) തുകയുടെ കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല.
2) വിദ്യാർത്ഥികൾ പഠനം നടത്തിയതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ്, തുല്യത സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ പരാമർശിച്ച രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

2017-2018 വർഷം 10 പഠിതാക്കൾക്ക് ക്ലാസ് ജനുവരിയിലാണ് ആരംഭിച്ചതെന്നും ഹാൾടിക്കറ്റ്, തുല്യത സർട്ടിഫിക്കറ്റ് എന്നിവ വാങ്ങി വയ്ക്കുന്നതാണെന്നും ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8/14.08.2018) നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

## 3-11 2017-18 പദ്ധതി നിർവഹണം - ഗുണഭോക്തൃ തെരഞ്ഞെടുപ്പും ലിസ്റ്റ് തയ്യാറാക്കലും - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ജി.ഒ.(പി.) 220/97/ത.സ്വ.ഭ.വ. തീയതി 2.10.1997 ജി.ഒ.(പി.)181/98/ത.സ്വ.ഭ.വ. തീയതി 2.9.1998 സ.ഉ.(എം.എസ്.)80/217/ത.സ്വ.ഭ.വ. തീയതി 3.4.2017 ( എന്നീ ഉത്തരവുകൾ പ്രകാരം മുൻഗണനാ ക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഓരോ വാർഡിലെയും ഗ്രാമസഭ തയ്യാറാക്കി. ആവശ്യമായ പരിശോധന പൂർത്തിയാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കേണ്ടതും കരട് പട്ടിക പരസ്യപ്പെടുത്തേണ്ടതും പരാതികളുണ്ടെങ്കിൽ ചർച്ച ചെയ്ത് പരിഹരിച്ചതിനു ശേഷം അന്തിമ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2017-18ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥർക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റുകൾ മേൽ ചൂണ്ടിക്കാട്ടിയ നടപടിക്രമങ്ങൾ പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയവയല്ല. ഈ വിഷയം ചൂണ്ടിക്കാട്ടി 17.8.2018ൽ (നം. 21/18) നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പഞ്ചായത്ത് സെക്രട്ടറി നൽഖിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് "പഞ്ചായത്ത് തലത്തിൽ ഉള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുക എന്നത് സാങ്കേതികമായി ഏറെ തടസ്സങ്ങൾ സൃഷ്ടിക്കുന്നതു കൊണ്ട് വാർഡ് തലത്തിൽ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്തത് " എന്നാണ് പദ്ധതി നിർവഹണത്തിന്റെ കാലവിളംബം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഗ്രാമസഭയുടെ ഗുണഭോക്താക്കളുടെ കരട് പട്ടിക കഴിഞ്ഞ സാമ്പത്തിക വർഷം പ്രസിദ്ധപ്പെടുത്താതിരുന്നത് എന്ന മറുപടി സർക്കാർ ഉത്തരവിന്റെ ലംഘനവും ഗ്രാമസഭയുടെ അധികാരങ്ങളിലെ കടന്നുകയറ്റവുമാണ് സർക്കാർ ഉത്തരവ് പാലിച്ച് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാൻ അടുത്ത പദ്ധതി വർഷങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ് എന്ന പഞ്ചായത്തിന്റെ മറുപടി പ്രാവർത്തികമാക്കാൻ സ്റ്റാൻഡിംഗ് കമ്മിറ്റികളിലൂടെ ഭരണ സമിതി ശ്രദ്ധ നൽകേണ്ടതാണ്.

## 3-12 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ

ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കു കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.1.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.3.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടുക, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തുക, ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങുക എന്നീ പ്രാഥമിക നടപടികൾ പോലും സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 2/18 തീയതി 10.8.2018ന് ആയുർവേദ മെഡിക്കൽ ഓഫീസർ 13.8.2018ൽ നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിൽ ആദ്യമായി എച്ച്.എം.സി. കൂടിയത് 11.8.2011ൽ ആണെന്നും അതിനുശേഷം എച്ച്.എം.സി. പുനഃസംഘടിപ്പിക്കുന്നതിന് 2.5.2018ൽ തീരുമാനിച്ചെങ്കിലും കോറം തികയാത്തതിനാൽ എച്ച്.എം.സി. കൂടിയില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 13.8.2018ൽ ഹോമിയോ മെഡിക്കൽ ഓഫിസർ അറിയിച്ചിട്ടുള്ളത് 8.2.2016ൽ എച്ച്.എം.സി. രൂപീകരിച്ചിട്ടുളളതായും വരവു ചെലവുകൾ ഒന്നും തന്നെ ഇല്ല എന്നുമാണ്.

ബാലരാമപുരം പി.എച്ച്.സി.യിൽ 16.5.2007ൽ എച്ച്. എം.സി. രൂപീകരിച്ചിട്ടുണ്ടെങ്കിലും 1.1.2013 മുതൽക്കാണ് വരുമാനമുണ്ടായിട്ടുള്ളത്. എന്നാൽ നാളിതുവരെ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്. എം.സികളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുളള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | പാലിന് സബ്സിഡി | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 890000 | പാലിന് സബ്സിഡി | 890000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 258375 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 0 | 258375 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 102875 | “ | 0 | 102875 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം, ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റൻഷൻ | | 995987 | 995987 | 0 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | | 150000 | 150000 | 0 |
| ഗ്രൗണ്ട് വാട്ടർ | ബോർ വെൽ | | 305143 | 305143 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | - | 16926000 | 4611000 | 1962000 | 0 | 2649000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം, ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം., തീയതി |
|---|---|---|---|---|
| 2014-15 | 3-5 (എ) | 10600 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 117030105245 20.11.2017 |
| 2014-15 | 3-5(ബി) | 3000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 117030105246 20.11.2017 |
| 2004-05 | | 10500 | കൃഷി ഓഫീസർ | 117030107243 11.01.2018 |

| | | | | |
|---|---|---|---|---|
| 2016-17 | KSAD/4/813/16<br>തൊഴിൽരഹിത വേതനം | 1560 | ഉദയ | 117030108425<br>03.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

***(എ)*** *സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,28,15,862.61 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,21,61,224.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 4,850.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,50,000.00 |

***(ബി)*** *പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1എ | 1100 | | ശ്രീ. കെ.ഗോപിനാഥൻ, സെക്രട്ടറി |
| 2-1സി | 3750 | | |

***(സി)*** *ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 200000 | ശ്രീമതി. പി. വി. ബിന്ദു, അസി. സെക്രട്ടറി |
| 3-8 | 650000<br>1200000 | ഡോ.എം .ആർ. ബിജു,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)<br>ഡോ. ഡോറിബെൽ<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |

***(ഡി)*** *കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

***(ഇ)*** *നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

***(എഫ്)*** *റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. കെ. ഗോപിനാഥൻ | - | അനിഴം, പാറക്കുഴി, ആറാലുംമൂട്.പി.ഒ. |
| 2 | ശ്രീമതി. പി. വി. ബിന്ദു | - | നവമാലിക, മൈത്രി നഗർ റോഡ്, തിരുവല്ലം പി.ഒ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/568/07 | 2 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1411/09 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1762/2014 | 2 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1303/2014 | 4 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/913/2015 | 5 | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/813/2016 | 13 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1931/2016 | 19 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/1667/2017 | 17 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.